## കത്തുകൾ




# പ്ലാച്ചിമട സമരം സാമ്രാജ്യത്വത്തിനെതിരെയുള്ള സമരംതന്നെ

പ്ലാച്ചിമടയിൽ ആദിവാസികൾ കഴിഞ്ഞ അഞ്ചു വർഷത്തിലേറെയായി നടത്തുന്ന സമരം കേവലം കുടിവെള്ളത്തിനു വേണ്ടിയുള്ളതാണ് എന്ന *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ വന്ന അമ്മാർ കീഴുപറമ്പിന്റെ വീക്ഷണം പ്ലാച്ചിമട സമരത്തെക്കുറിച്ച തികഞ്ഞ അജ്ഞതയിൽനിന്ന് ഉടലെടുത്തതാണ്. കുടിവെള്ളത്തിനു വേണ്ടി മാത്രമായിരുന്നു സമരമെങ്കിൽ പഞ്ചായത്തും താലൂക്കും കോളക്കമ്പനി വിതരണം ചെയ്യുന്ന വെള്ളത്തിൽ സംതൃപ്തി രേഖപ്പെടുത്തി എന്നേ സമരം പിരിച്ചുവിടുമായിരുന്നു. 2004 ഏപ്രിൽ 7 മുതൽ കോളക്കമ്പനി പ്രവർത്തനം നിർത്തിവെച്ചിരുന്നു. 2006 ആഗസ്റ്റ് 9-ന് കേരള സർക്കാർ കീടനാശിനിയുടെ അംശം ഉള്ളതിനാൽ കോള നിരോധിക്കുകയും ചെയ്തിരുന്നു. എന്നിട്ടും സമരം തുടരുന്നത് വ്യക്തമായ ലക്ഷ്യബോധവും രാഷ്ട്രീയവും സമരത്തിനുള്ളതിനാലാണ്. ജലം ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ കൈയടക്കി അധിനിവേശം നടത്താനുള്ള ആഗോള സാമ്രാജ്യത്വത്തിന്റെ ശ്രമങ്ങൾക്കെതിരെയാണ് സമരം. സാമ്രാജ്യത്വം മുട്ടുകുത്തുന്നതുവരെ സമരം തുടരുകയും ചെയ്യും.

പ്ലാച്ചിമടയിലെ സമരം സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിനും ആഗോള കുത്തകകളുടെ വിഭവചൂഷണത്തിനുമെതിരായ ചെറുത്തുനിൽപിന്റെ ഭാഗമാണ്. ആദിവാസി സമരങ്ങളെ ചെറുതായി കാണാൻ സാമ്രാജ്യത്വദാസ്യമനസ്സുള്ളവർക്കേ സാധിക്കൂ. ലോകം അടക്കിഭരിക്കാൻ ശ്രമിച്ച നെപ്പോളിയൻ ഉൾപ്പെടെയുള്ള സ്വേഛാധിപതികളുടെ വേട്ടയാടലുകൾക്കിരയായവരാണ് ആദിവാസികൾ. അപ്പോഴൊക്കെയും പൈതൃകവും സംസ്കാരവും പ്രകൃതിയും സംരക്ഷിക്കാൻ ധീരോദാത്തമായ ചെറുത്തുനിൽപും ആദിവാസികൾ നടത്തിയിട്ടുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യം പിടിച്ചടക്കിയ പനമരം കോട്ട തിരിച്ചുപിടിക്കാൻ പഴശ്ശി രാജാവിനോടൊപ്പം പോരാടിയ ആദിവാസി നേതാവായിരുന്നു തലക്കൽ ചന്തു.

സമരത്തിന്റെ ദിശതെറ്റിക്കുകയല്ല മറിച്ച് ദിശതെറ്റാതെ നിലനിർത്തുകയാണ് സോളിഡാരിറ്റി ചെയ്തത്. സാമ്രാജ്യത്വ ഏജന്റുമാരാണോ എന്ന് തോന്നിപ്പിക്കും വിധം പലരും പല ഘട്ടങ്ങളിൽ സമരത്തിന്റെ പാലം വലിക്കാൻ ശ്രമിച്ചപ്പോൾ ഉൾക്കാഴ്ചയുള്ള സോളിഡാരിറ്റി പ്രവർത്തകർ കൂടെയുള്ളത് സമരത്തിന് ആത്മബലം നൽകിയ ഘടകമാണ്. കൈകൂപ്പി നമ്രശിരസ്കരായി നിൽക്കൽ മാത്രമല്ല ദൈവബോധമെന്നും അനീതിക്കെതിരെ മുഷ്ടി ചുരുട്ടലും ദൈവബോധത്തിന്റെ പ്രചോദനമാണെന്ന സോളിഡാരിറ്റി നിലപാട് കേരളത്തിലെ സാമൂഹിക-സാംസ്കാരിക ഭൂമിക പഠനത്തിനും നിരീക്ഷണത്തിനും ഏറെ വിധേയമാക്കേണ്ടതുണ്ട്.

മാർച്ച് മുതൽ ഏപ്രിൽ 4 വരെ സമരസമിതി കാസർകോട് മുതൽ തിരുവനന്തപുരം വരെ ജനകീയ ജലാധികാര യാത്ര നടത്തുകയുണ്ടായി. 'ജലാധികാരം ജനങ്ങൾക്ക്' എന്നതായിരുന്നു അതിന്റെ മുദ്രാവാക്യം. സാമ്രാജ്യത്വ അധിനിവേശത്തിനെതിരായി നാളിതുവരെ കേരളത്തിൽ മുഴങ്ങിക്കേട്ട മുദ്രാവാക്യങ്ങളിൽ ഏറ്റവും ഉജ്ജ്വലമായ മുദ്രാവാക്യമാണിത്. ബഹുരാഷ്ട്ര കുത്തകകൾക്ക് പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാൻ സാധിക്കാത്ത വിധം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്ന നിയമനിർമാണം നടത്തണമെന്നാണ് ജലാധികാര യാത്രയിലൂടെ ഞങ്ങൾ ആവശ്യപ്പെടുന്നത്.

**വിളയോടി വേണുഗോപാൽ**
**ചെയർമാൻ,**
**പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ**
**സമരസമിതി**

# വേറിട്ടു നിൽക്കുന്ന ചിത്രം

സുനാമി ദുരിതം വിതച്ച കടലോരങ്ങളിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ കർമകാണ്ഡങ്ങൾ തീർത്ത് മുന്നേറാൻ ജമാഅത്തെ ഇസ്‌ലാമിക്ക് പ്രചോദനമായത് 'ഭൂമിയിലുള്ളവരോട് കരുണ കാണിക്കൂ; ആകാശത്തുള്ളവൻ നിങ്ങളോടു കരുണ കാണിക്കും' എന്ന നബിവചനമല്ലാതെ മറ്റൊന്നാവാൻ വഴിയില്ല.

'ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തനങ്ങൾ വളരെ സുതാര്യമായിരുന്നു. പൊതുജനങ്ങൾക്കിടയിൽ പദ്ധതി പ്രഖ്യാപിക്കുകയും പ്രഖ്യാപിച്ചത് പൂർണമായി നടപ്പിലാക്കുകയും ചെയ്തത് ജമാഅത്തെ ഇസ്‌ലാമിയാണ്. സർക്കാർ, സുനാമി വിഷയത്തിൽ പലരോടും ഒത്തുകളിക്കുകയായിരുന്നു. നേതാക്കളും സംഘടനകളും രാഷ്ട്രീയക്കാരും നാം വലിയവർ എന്ന് കരുതുന്നവരുമെല്ലാം സുനാമിയിൽനിന്ന് മുതലെടുക്കുകയായിരുന്നു'- ഹൃദയത്തിൽ തട്ടി പറയുന്നതാണിത് എന്ന മുഖവുരയോടെ ചെറിയഴീക്കൽ അരയവംശ പരിപാലന യോഗം ട്രഷറർ ദിനേശ് ബാബുവിന്റെ വാക്കുകളാണിത് (*പ്രബോധനം* 2007 മാർച്ച് 31). ഇതോടൊപ്പം 'പണിതീരാത്ത വീടുകൾ ഉറക്കം കെടുത്തുമ്പോൾ' എന്ന ശീർഷകത്തിൽ *മാതൃഭൂമി*യിൽ വന്ന റിപ്പോർട്ട് ചേർത്തു വായിക്കണം: "പണിതീരാത്ത വീടുകൾ ആലപ്പുഴ ജില്ലയുടെ തെക്കൻ തീരത്തുള്ള ഒരു ഭരണകക്ഷിയുടെ ചില പ്രാദേശിക നേതാക്കളുടെ ഉറക്കം കെടുത്തുകയാണ്. സുനാമിബാധിതർക്ക് തല ചായ്ക്കാനുള്ള വീടുനിർമാണമാണ് വിഷയം. തീരത്ത് സുനാമി തിരകൾ ആഞ്ഞടിച്ചപ്പോൾ ഒരു വിപ്ലവകക്ഷി സംസ്ഥാനതലത്തിൽ ഫണ്ട് സമാഹരിച്ചു. പിരിച്ച പണംകൊണ്ട് വീടുണ്ടാക്കാനുള്ള ചുമതല പ്രാദേശിക നേതാക്കൾക്ക് കൈമാറി. പക്ഷേ, വർഷം രണ്ട് കഴിഞ്ഞിട്ടും പത്തിലധികം വീടുകളുടെ പണി ബാക്കി കിടക്കുന്നു. പിരിച്ചെടുത്ത പണം ഇതിനകം ചെലവായിക്കഴിഞ്ഞത്രെ. വീട് പൂർത്തിയാവാത്തതെന്താണെന്ന ചോദ്യത്തിന് നേതാക്കൾ വ്യക്തമായി മറുപടി പറയുന്നുമില്ല. കരാറുകാരനെ കാണാനില്ലെന്നാണ് നാട്ടുകാരിൽ ചിലർ പറയുന്നത്. കിട്ടേണ്ട വിഹിതം ചില നേതാക്കൾ മുൻകൂട്ടി വാങ്ങിയെടുത്തതിനാൽ കരാറുകാരൻ മുങ്ങിയതാണെന്നും പറഞ്ഞുകേൾക്കുന്നു. ഏതായാലും സംസ്ഥാനവ്യാപകമായി പരിവെടുത്ത് ലക്ഷങ്ങൾ ഒരുക്കൂട്ടിയെങ്കിലും നിർമാണം ഏറ്റെടുത്ത വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് സത്യമാണ്" (*മാതൃഭൂമി* 2007 ഏപ്രിൽ 5).

സുനാമി ഫണ്ട് തിരിമറി ചെയ്തും അഴിമതി നടത്തിയും ഭരണകൂടങ്ങളും രാഷ്ട്രീയ സംഘടനകളും അവയുടെ തനിനിറം കാണിച്ചപ്പോൾ ജനസേവനത്തിന്റെ സുതാര്യ മുഖവുമായി ജമാഅത്തെ ഇസ്‌ലാമി വേറിട്ടുനിൽക്കുന്ന കാഴ്ച ജനത്തിന് കാണാനായി.

**റഹ്മാൻ മധുരക്കുഴി**

# സ്ഥാപനങ്ങളുണ്ട്; ആർക്കെന്തു കാര്യം?

തൊഴിൽ-വിദ്യാഭ്യാസരംഗങ്ങളിൽ മുസ്‌ലിംകൾ പട്ടികജാതിക്കാരേക്കാൾ പിന്നാക്കമാണെന്ന സത്യം പുറത്തുവന്നിരിക്കുകയാണല്ലോ. മുസ്‌ലിം പുരോഗതിയുടെ പേരു പറഞ്ഞ് വ്യക്തികളും സംഘടനകളും നടത്തുന്ന സ്ഥാപനങ്ങൾ യഥാർഥത്തിൽ ആ ധർമം എത്രത്തോളം നിർവഹിക്കുന്നുണ്ട്? സ്വകാര്യ വ്യക്തികൾ നടത്തുന്നത് ലാഭക്കൊതി കൊണ്ടാണെങ്കിൽ മറ്റുള്ളവരിൽ പലർക്കും അത്തരം ചില ഉദ്ദേശ്യങ്ങൾ തന്നെയാണുള്ളത്. സർക്കാർ അംഗീകാരമുള്ള ഒരു സ്ഥാപനമാണെങ്കിൽ പാവപ്പെട്ട മുസ്‌ലിമിന്, അവൻ പ്രദേശവാസിയായാൽ പോലും ജോലി കൊടുക്കുകയില്ല. കനത്ത ഫീസ് കൊടുക്കാതെ പഠിക്കാൻ കഴിയുകയില്ല. അനാഥ-അഗതി മന്ദിരങ്ങൾ ഒഴിച്ചാൽ, മറ്റെല്ലാ സ്വാശ്രയ സ്ഥാപനങ്ങളും സമ്പന്നരെ ലക്ഷ്യം വെച്ചാണ് തുടങ്ങുന്നത്. മദ്റസാ കമ്മിറ്റിക്കാർ പോലും ഇംഗ്ലീഷ് മീഡിയങ്ങൾ നടത്താൻ മത്സരിക്കുന്ന കാലമാണിത്. തൊട്ടടുത്ത് താമസിക്കുന്ന പാവങ്ങൾക്ക് അകലെയുള്ള സർക്കാർ സ്ഥാപനങ്ങൾ തന്നെ ആശ്രയം. ആ സാധുക്കൾക്ക് ഈ സ്വാശ്രയ സ്ഥാപനങ്ങൾ ഒരു ശാപം കൂടിയാണ്. കാരണം ഇവ ഉള്ളതുകൊണ്ട് ഒരു സർക്കാർ സ്ഥാപനം അവിടെ വരില്ല.

ഹരിജൻ ക്രിസ്ത്യൻ, നാടാർ ക്രിസ്ത്യൻ എന്നിങ്ങനെ പരിവർത്തിത ക്രിസ്ത്യാനികൾ സംഘടനകൾ ഉണ്ടാക്കി കണക്കിലധികം ആനുകൂല്യങ്ങൾ നേടി മുന്നോട്ടുകുതിക്കുന്നു. മുസ്‌ലിംകളിലും മതം മാറിയവർ ധാരാളം ഇല്ലേ? അവർക്ക് സർക്കാർ ആനുകൂല്യവുമില്ല, സമുദായത്തിന്റെ സഹായവുമില്ല. ക്രിസ്ത്യാനികൾ അപ്രകാരം ചെയ്തതിൽ അഭംഗി കാണുന്നവർ, ഹരിജൻ മുസ്‌ലിം നാടാർ മുസ്‌ലിം എന്നെല്ലാം വിളിക്കപ്പെടുന്നതിൽ അനൗചിത്യം കാണുന്നവർ ഇവർക്കു വേണ്ടി സഹായ പദ്ധതികൾ ആവിഷ്കരിച്ചതുമില്ല. മുസ്‌ലിംകൾക്ക് പ്രത്യേക റിക്രൂട്ട്മെന്റിനും സംവരണത്തിനും വേണ്ടി വാദിക്കുന്ന നേതാക്കൾ ആദ്യം മുസ്‌ലിം സ്ഥാപനങ്ങളിൽ ഇതൊക്കെ നടപ്പാക്കാൻ സമ്മർദം ചെലുത്തണം.

ഒട്ടുമിക്ക മുസ്‌ലിം സ്ഥാപനങ്ങളും യതീംഖാനാ സ്കൂളുകൾ വരെ ജോലി, വൻതുകക്ക് ലേലം ചെയ്യുകയാണ്. നാട്ടുകാരനായ ഒരു മുസ്‌ലിമിനെ പ്രത്യേകം പരിഗണിക്കാൻ അവർ തയാറല്ല. അത്തരം ശല്യങ്ങൾ ഒഴിവാക്കാൻ ഒഴിവുകൾ അന്യജില്ലകളിലെ പത്രങ്ങളിൽ പരസ്യം ചെയ്യുന്നു. ആള് വന്നു ചേർന്ന ശേഷമേ ഒഴിവുണ്ടായിരുന്ന കാര്യം നാട്ടുകാരറിയൂ. ലക്ഷങ്ങളുടെ നോട്ടുകെട്ടുകൾ കൊടുക്കാൻ നാട്ടുകാരന്നായില്ലെങ്കിലോ?

ജോലിക്ക് ഡൊണേഷൻ കൊടുക്കേണ്ടതില്ലാത്ത അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കും മുസ്‌ലിംകളെ വേണ്ട! നിസ്സാര ശമ്പളത്തിന് അവർ അധിക യോഗ്യതകളുള്ളവരെ ഇന്റർവ്യൂ ചെയ്തു നിയമിക്കുന്നു. എയ്ഡഡാണെങ്കിൽ അതേ സ്ഥാനത്തേക്ക് വൻതുകയും മിനിമം യോഗ്യതയും ഉള്ള ആർക്കും അപേക്ഷിക്കാം. ഇവിടെ മിനിമം യോഗ്യതയുള്ള മുസ്‌ലിം തള്ളപ്പെടുന്നു. അധികയോഗ്യതകളുള്ള മുന്നാക്ക സമുദായക്കാരനെ തേടിപ്പിടിച്ച് പ്രതിഷ്ഠിക്കുന്നു! മുസ്‌ലിം വിദ്യാർഥികൾക്ക് നൽകിയിരുന്ന സ്കോളർഷിപ്പും നിർത്തൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ക്രൈസ്തവസഭകൾ മുസ്‌ലിംകൾക്ക് നാമമാത്രമായിപ്പോലും ജോലി കൊടുക്കാറില്ല. ഇങ്ങനെയൊക്കെയുള്ള അവസ്ഥയിൽ അവശ മുസ്‌ലിംകളെ സഹായിക്കാൻ പ്രത്യേകം പദ്ധതികൾ ആവശ്യമാണ്.

മറ്റു രംഗങ്ങളിലെന്നപോലെ ആരോഗ്യരംഗത്തും ഇന്ത്യൻ മുസ്‌ലിംകളുടെ സ്ഥിതി പരമദയനീയമാണ്. മുസ്‌ലിം പ്രദേശങ്ങളിലൊന്നും നല്ല ആശുപത്രികൾ ഇല്ല. കാൻസർ, ഹൃദ്രോഗം, അപകടം, വൃക്കരോഗം എന്നിവക്ക് ശരിയായ ചികിത്സ കിട്ടാതെ പാവങ്ങൾ നരകിക്കുന്നു. തങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളെ തിരിഞ്ഞുനോക്കാത്ത, സുസ്ഥിതിയിൽ കഴിയുന്ന മുസ്‌ലിംകൾ അല്ലാഹുവിനോട് സമാധാനം പറയേണ്ടിവരും എന്ന പ്രഫ. കെ.എ സിദ്ദീഖ് ഹസന്റെ വാക്കുകൾ ഇവിടെ ഉദ്ധരിക്കട്ടെ.

താഴ്ന്ന ജാതിക്കാരായി മുദ്ര കുത്തപ്പെട്ടവരിൽനിന്നും പഴയ കാലത്ത് ഇസ്‌ലാം ആശ്ലേഷിച്ചവരാണ് മുസ്‌ലിംകളിൽ അധികവും. അവരാണ് ഇന്നത്തെ മുസ്‌ലിം പിന്നാക്കക്കാരിൽ നല്ല പങ്ക്. അവർ ഇന്നും സമുദായത്തിന്റെ പുറമ്പോക്കിലാണ്. അവരിലേക്ക് ഇക്കാലം വരെയും സേവനം എത്തിയിട്ടില്ല. അങ്ങനെ ഒരു പ്രത്യേക ജനവിഭാഗം ഇല്ലാത്തതുപോലെയാണ് സമുദായത്തിന്റെ പ്രവർത്തനം. ഈ അവശരെ അവഗണിച്ച് സമുദായത്തിന് വളരാനാവില്ല. സമുദായത്തിനു വേണ്ടി സേവനം ചെയ്യുന്നില്ലെങ്കിൽ നമുക്ക് കുറേ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും കിട്ടിയിട്ടെന്തു കാര്യം? സമുദായസ്നേഹികളും ബുദ്ധിജീവികളും ഈ വഴിക്കൊന്ന് ചിന്തിക്കുമോ?

**മുഹമ്മദലി കൂട്ടായി**

# പ്രസക്തമായ നിർദേശം

സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് മദ്യവിരുദ്ധ സമരങ്ങളിൽ സജീവമായി ഇടപെടണമെന്ന ഹനീഫ് വളാഞ്ചേരിയുടെ നിർദേശം (ലക്കം 42) വളരെ പ്രസക്തമാണ്. മുസ്‌ലിംകളടക്കമുള്ള യുവസമൂഹത്തിൽ മദ്യം ഒരു പരിഷ്കാരമായി തുടങ്ങി, സംസ്കാരമായി വളർന്ന്, അവസാനം അനിവാര്യതയായി മാറിക്കൊണ്ടിരിക്കുന്നു. പുതിയ മദ്യഷാപ്പുകൾ ആരംഭിക്കാനും സഹകരണ സംഘങ്ങളെ ഏൽപിച്ച് മദ്യത്തെ ജനകീയവത്കരിക്കാനും തീരുമാനിച്ച എൽ.ഡി.എഫ് സർക്കാറിന്റെ വികല നയം കൂടിയാവുമ്പോൾ ഭാവി ഭയാനകമായിരിക്കും.

പേരിനു ചില മദ്യവിരുദ്ധ സമിതികൾ ഉണ്ടെങ്കിലും മുഖ്യ രാഷ്ട്രീയ കക്ഷികളുടെ അവഗണനയും പൊതുസമൂഹത്തിന്റെ അശ്രദ്ധയും കാരണം അവ നിർജീവമാണ്. അതുകൊണ്ട് സോളിഡാരിറ്റിയെപ്പോലെ മൂല്യങ്ങളോട് പ്രതിബദ്ധതയും ചലനാത്മകതയുമുള്ള യുവജന സംഘടനകൾ മദ്യവർജന പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങണം. അത് സമൂഹത്തിൽ വ്യാപകമായ പ്രതിഫലനം സൃഷ്ടിക്കും. സോളിഡാരിറ്റിയെ പിന്തുടർന്ന് ഇതര യുവജനസംഘടനകളും ഇതേറ്റെടുക്കുന്ന പക്ഷം സമൂഹത്തിൽ മദ്യത്തിനെതിരെ പൊതുവികാരം സൃഷ്ടിക്കാൻ കഴിയും.

**എ.ടി.എം, മേലേ പട്ടാമ്പി**

# പഠനയാത്രകളുടെ 'സുഖാനുഭൂതി'

വളരെയധികം മാനസിക സമ്മർദങ്ങളിലൂടെയാണ് ആധുനിക മലയാളിയുടെ ജീവിതം കടന്നുപോകുന്നത്. സംഘർഷങ്ങളുടെ പാരാവാരത്തിൽ മുങ്ങിത്താഴുമ്പോൾ കരപറ്റാനൊരു തുരുത്തായി അവർ വിനോദങ്ങളെ കാണുന്നു. അവയിൽ മുഖ്യയിനം വിനോദ സഞ്ചാരമാണ്. എന്നാൽ ടൂറിസ്റ്റ് വ്യവസായ മേഖല അധാർമികതയുടെ കൂത്തരങ്ങായിത്തീർന്നത് ഇതിനിടയിൽ ശ്രദ്ധിക്കപ്പെടുന്നില്ല. മലയാളിയുടെ ഒഴിവുസമയങ്ങളിലെ കച്ചവട സാധ്യതകൾ കണ്ടെത്തി തടിച്ചുകൊഴുക്കുന്ന കൃത്രിമ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വൻ സാംസ്കാരിക പ്രശ്നമായി മാറിയിരിക്കുന്നുവെന്ന് പത്രവാർത്തകൾ സൂചിപ്പിക്കുന്നു. ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും ജീവിതശൈലിയാണ് വാട്ടർ തീം പാർക്കുകൾ പ്രചരിപ്പിക്കുന്നത്. ജലകേളികളിലൂടെയും മഴനൃത്തങ്ങളിലൂടെയും ആഭാസ സംസ്കാരം വളർത്തുന്നതിലും മുതലാളിത്തത്തിന്റെ ഉപകരണമായ ഈ പാർക്കുകൾ മുഖ്യ പങ്കുവഹിക്കുന്നു.

അധാർമികതയുടെ പരിശീലനക്കളരിയായി വിദ്യാലയങ്ങളിൽനിന്നുള്ള പഠനയാത്രകളും മാറി എന്നതാണ് ദുഃഖസത്യം. വിദ്യാർഥികൾക്ക് നന്മയുടെ മാതൃകയാവേണ്ട അധ്യാപകർ നേരെ വിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. ലിംഗവേർതിരിവുകളും അച്ചടക്കമര്യാദകളും കാറ്റിൽ പറത്തിയാണ് യാത്രയുടെ 'സുഖാനുഭൂതി' നുകരേണ്ടതെന്ന് നമ്മുടെ ഇളം തലമുറയെ പഠിപ്പിക്കുന്നത് മറ്റാരുമല്ല, അധ്യാപകർ തന്നെയാണ്!

**വി. മുഹമ്മദ് തൻസീം, ഇസ്‌ലാമിയാ കോളേജ് കുറ്റ്യാടി**